പന്ത്രണ്ടാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി (2006-2008)

## ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

(2007 മാർച്ച് 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി
# (2006–2008)

ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

**സമിതി (2001–2004) യുടെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനെ സംബന്ധിച്ച 46–മത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ ആസ്പദമാക്കി തയ്യാറാക്കിയത്**

380/2007.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ | ഘടന | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | സമിതിയുടെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ അതേപടി അംഗീകരിച്ചവ | .. | 2 |
| അദ്ധ്യായം III | സമിതിയുടെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ സമിതിയുടെ അഭിപ്രായക്കുറിപ്പുകളോടുകൂടി അംഗീകരിച്ചവ | .. | 6 |

## പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി (2006–2008)
## ഘടന

ചെയർമാൻ :

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ

അംഗങ്ങൾ :

ശ്രീ. പി. കെ. അബ്ദുറബ്ബ്
,, എ. എ. അസീസ്
,, എം. ചന്ദ്രൻ
,, സി. എം. ദിനേശ് മണി
,, കെ. റ്റി. ജലീൽ
,, കെ. കെ. ജയചന്ദ്രൻ
,, പി. ജെ. ജോസഫ്
,, കെ. കുഞ്ഞിരാമൻ
,, കെ. സുധാകരൻ
,, കെ. സി. വേണുഗോപാൽ

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീ. ആർ. വിജയകുമാർ, ജോയിന്റ് സെക്രട്ടറി
,, കെ. മോഹനകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
,, സി. ആർ. രഘുനാഥൻ പിള്ള, അണ്ടർ സെക്രട്ടറി.

## മുഖവുര

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി (2006-2008) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 23-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതി (2001-2004) യുടെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനെ സംബന്ധിച്ച 46-ാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട്.

സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾക്ക് സർക്കാർ സ്വീകരിച്ച നടപടികളടങ്ങിയ ആക്ഷൻടേക്കൻ സ്റ്റേറ്റ്മെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി (2004-2006) പരിഗണിച്ചു.

ഈ റിപ്പോർട്ട് സമിതിയുടെ 15-3-2007-ന് ചേർന്ന യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

മാങ്കോട് രാധാകൃഷ്ണൻ,
അദ്ധ്യക്ഷൻ,
പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി.

തിരുവനന്തപുരം,
2007, മാർച്ച് 21.

അദ്ധ്യായം I

# റിപ്പോർട്ട്

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ (2001–2004) നാല്പത്തി ആറാമതു റിപ്പോർട്ട് (കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനെ സംബന്ധിച്ച സ്വതന്ത്ര പഠനം) 2003 ജൂലൈ 30–ാം തീയതി നിയമസസഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 21 ശുപാർശകളാണ് ഉണ്ടായിരുന്നത്. എല്ലാ ശുപാർശകൾക്കും സർക്കാരിൽനിന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

2004 മേയ് മാസം 12–ാം തീയതി ചേർന്ന യോഗത്തിൽ സമിതി (2004–2006) ഗവൺമെന്റ് നൽകിയ മറുപടി പരിഗണനയ്ക്കെടുത്തപ്പോൾ അവയിൽ ചില മറുപടി കൾ സമിതിക്ക് തൃപ്തികരമായി തോന്നിയില്ല. ആയതിനാൽ കൂടുതൽ വിശദീകരണം ലഭിക്കുന്നതിനായി സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതിന് തീരുമാനിച്ചു. കൂടുതൽ തെളിവെടുപ്പു നടത്തുന്നതിന്റെ ഭാഗമായി സമിതി (2004–2006) 2005 ഏപ്രിൽ മാസം 20–ാം തീയതി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് സന്ദർശിച്ചു. തുടർന്ന് 2006 മാർച്ച് മാസം 8–ാം തീയതി കൂടിയ സമിതി യോഗത്തിൽവച്ച് സമിതി റിപ്പോർട്ടിലെ ശുപാർശകൾക്കു ലഭിച്ച മറുപടി പരിഗണിക്കുകയും 16, 17, 18, 19, 20, 23, 24, 25, 29, 31 എന്നീ ഖണ്ഡികകളിലെ ശുപാർശകളിൻമേൽ ലഭിച്ച മറുപടി അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ഈ ശുപാർശകളും അവയ്ക്കു ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടിയും അദ്ധ്യായം 2–ൽ ചേർത്തിരിക്കുന്നു.

11, 12, 13, 14, 21, 22, 26, 27, 28, 30, 32 എന്നീ ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിശോധിച്ചു. പ്രസ്തുത മറുപടികൾ സമിതിക്ക് സ്വീകാര്യമായില്ല. ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി കൂടുതൽ തെളിവെടുപ്പു നടത്തുവാനും തീരുമാനിച്ചു. തുടർന്ന് ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. സമിതിയുടെ പ്രസ്തുത ശപാർശകളും അവയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടിയും അതിന്മേൽ സമിതിയുടെ അഭിപ്രായങ്ങളും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളും അദ്ധ്യായം മൂന്നായി ചേർത്തിരിക്കുന്നു.

KNPP. 380/2007.

## അദ്ധ്യായം II

### സമിതിയുടെ ശുപാർശകളിന്മേൽ ഗവൺമെന്റ് നൽകിയ മറുപടികളിൽ സമിതി അംഗീകരിച്ചത്

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | ശുപാർശകൾ/നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 5 | 16 | വ്യവസായം | കമ്പനിയുടെ വികസന പ്രവർത്തനത്തിന് അടിയന്തിര പ്രാധാന്യം നല്കി നടപ്പിലാക്കണമെന്നും ഉല്പന്നങ്ങളുടെ വിപണനസാദ്ധ്യത പഠനവിധേയമാക്കി അതിലൂടെ ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് പ്ലാന്റിന്റെ ഉല്പാദന ശേഷി 60,000 ടണ്ണായി ഉയർത്തുന്നതിനുള്ള നടപടി സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉല്പാദനം 60,000 മെട്രിക് ടണ്ണായി ഉയർത്തണമെന്ന ശുപാർശയിന്മേലുള്ള നടപടികൾ കൺസൾട്ടന്റിനെ നിയമിച്ചശേഷം നടപ്പിലാക്കുന്നതായിരിക്കും. |
| 6 | 17 | വ്യവസായം | മിനറൽ സെപ്പറേഷൻ പ്ലാന്റിന്റെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള വികസ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | നിലവിലുള്ള മിനറൽ സെപ്പറേഷൻ പ്ലാന്റിന്റെ ഉല്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ നാലു വർഷത്തെ ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ എന്നിവയുടെ ഉദ്പാദനം താഴെ കൊടുത്തിരിക്കുന്നു. |

| | 01-02 | 02-03 | 03-04 | 04-05 |
|---|---|---|---|---|
| ഇൽമനൈറ്റ് (എംടി) | 17100 | 30819 | 50554 | 47650 |
| റൂട്ടൈൽ (എംടി) | 454 | 1117 | 3895 | 3332 |
| സിർക്കോൺ (എംടി | 294 | 600 | 1630 | 2057 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 7 | 18 | വ്യവസായം | നിലവിലുള്ള ജീവനക്കാരുടെ താല്പര്യങ്ങളെ ഹനിക്കാതെ നൂതനസാങ്കേതിക വിദ്യ ഉപയോഗിച്ച് ഉല്പാദനം നടത്തുന്നതിന് ഇനിയും കാലതാമസം ഉണ്ടാകരുതെന്ന് സമിതി നിർദ്ദേശിക്കുന്നു. ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനുസരണമായി കമ്പോളത്തിൽ പിടിച്ചു നിൽക്കുന്നതിനും, പുതിയ കമ്പോളങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | നിലവിലുള്ള ജീവനക്കാരുടെ താല്പര്യങ്ങളെ ഹനിക്കാതെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉല്പാദനം നടത്തുന്നതിനുള്ള സമിതിയുടെ ശുപാർശയുടെ ഭാഗമായി പുതിയതായി ഒഴിവുവരുന്ന തസ്തികകളിലേക്ക് ഇവിടെ തന്നെയുള്ള ജീവനക്കാരെ പുനർവിന്യസിപ്പിച്ച് പരിശീലനം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| 8 | 19 | വ്യവസായം | ഉല്പാദനം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനങ്ങളും ഉണ്ടാവണം. ഉല്പന്നങ്ങൾ കെട്ടിക്കിടക്കുവാൻ ഇടവരരുതെന്നും അതിനായി മാർക്കറ്റിംഗ് വിഭാഗം വിപുലീകരിക്കണമെന്നും ഉല്പന്നങ്ങൾക്ക് വിദേശവിപണി കണ്ടെത്തുന്നതിനുള്ള സാദ്ധ്യത ആരായണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | മാർക്കറ്റിംഗ് വിഭാഗം വിപുലീകരിക്കണമെന്നും ഉല്പന്നങ്ങൾക്ക് വിദേശങ്ങളിൽ വിപണി കണ്ടെത്തണമെന്നുമുള്ള സമിതിയുടെ ശുപാർശ കമ്പനിയുടെ സജീവ പരിഗണനയിലുണ്ട്. |
| 9 | 20 | വ്യവസായം | ഇതിലേക്കായി റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് വിംഗ് രൂപീകരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. | ധാതു മണലുപയോഗിച്ച് വ്യത്യസ്ഥമായ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള സാദ്ധ്യത ആരായണമെന്നും ഇതിലേക്കായി റിസർച്ച് ആന്റ് ഡെവലപ്മെന്റ് വിംഗ് രൂപീകരിക്കണമെന്നുമുള്ള സമിതിയുടെ ശുപാർശയും കമ്പനിയുടെ സജീവ പരിഗണനയിലാണ്. റിസർച്ച് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ആന്റ് ഡെവലപ്മെന്റ് വിംഗിലേക്ക് കഴിവുള്ള വരെ പുറത്തുനിന്നും നിയമിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| 12 | 23 | വ്യവസായം | ട്രെയിനിംഗ് ലഭിച്ചിട്ടുള്ള സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികൾക്ക് പ്രൊമോഷൻ നൽകുന്നതിന് ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | തൊഴിലാളികൾക്ക് പ്രമോഷൻ നൽകുന്നത് കമ്പനിയുടെ നിലവിലുള്ള പ്രമോഷൻ പോളിസി പ്രകാരമാണ്. എന്നിരുന്നാലും ട്രെയിനിംഗ് ലഭിച്ചിട്ടുള്ള, സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികൾക്ക് പ്രൊമോഷൻ കാര്യത്തിൽ പ്രത്യേകം പരിഗണ നൽകുന്ന കാര്യം പഠിക്കുന്നതിന് കമ്പനി ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. അവരുടെ പഠന റിപ്പോർട്ടിനു വിധേയമായി മേൽകാര്യത്തിൽ നടപടിയെടുക്കും. |
| 13 | 24 | വ്യവസായം | കമ്പനിയെ ലോക നിലവാരത്തിനൊപ്പം കൊണ്ടുവരുന്നതിനും നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ തൊഴിലാളികൾ എന്നീ കാര്യങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തണമെന്നും, തൊഴിലാളികളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ട് തന്നെ കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായും യന്ത്രവൽക്കരിക്കണമെന്നും എങ്കിൽ മാത്രമേ കമ്പനിക്ക് | കമ്പനിയുടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് നിലവിലുള്ള ജീവനക്കാരുടെ താല്പര്യം സംരക്ഷിച്ചുകൊണ്ടുമാത്രമായിരിക്കും. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ഭാവിയിൽ നിലനിൽക്കാൻ കഴിയുകയുള്ളൂ എന്നും ആകയാൽ ഇക്കാര്യങ്ങൾ സർക്കാർ സജീവമായി പരിഗണിക്കണമെന്നും ശുപാർശ ചെയ്യുന്നു. | |
| 14 | 25 | വ്യവസായം | ഇക്കാര്യങ്ങൾകൂടി പരിഗണിച്ചു മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാവൂ എന്നും ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഉല്പന്നങ്ങൾക്ക് ആഭ്യന്തര വിപണിയിലും വിദേശവിപണിയിലും ഉന്നതനിലവാരം കൈവരിക്കുന്നതിന് ആവശ്യമായ നടപടി കൈക്കോളളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | കമ്പനിയുടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് നിലവിലുളള ജീവനക്കാരുടെ താല്പര്യം സംരക്ഷിച്ചുകൊണ്ടു മാത്രമായിരിക്കും. |
| 18 | 29 | വ്യവസായം | കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ സ്ഥലം ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തി, സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തണമെന്ന സമിതിയുടെ ശുപാർശ പരിഗണിച്ച് എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് കമ്പനിയ്ക്ക് ആവശ്യമുള്ള ഭൂമി കളക്ടർ മുഖേന നെഗോഷ്യബിൾ പർച്ചേസ് നടത്തണമെന്ന ഡയറക്ടർ ബോർഡിന്റെ തീരുമാനം നടപ്പിലാക്കിവരുന്നുണ്ട്. |
| 20 | 31 | വ്യവസായം | കമ്പനിയുടെ സ്റ്റോർ പർച്ചേസ് മാനുവൽ കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്നും ഇന്റേണൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | കമ്പനിയിൽ ഇതിനകം ഒരു പർച്ചേസ് മാനുവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ ആഡിറ്റ് സംവിധാനം കൂടുതൽ വിപുലീകരിച്ച് കാര്യക്ഷമമാക്കിയിട്ടുണ്ട്. |

## അദ്ധ്യായം-III

## ശുപാർശകളിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ പരിഗണിച്ച സമിതിയുടെ അഭിപ്രായങ്ങളും അവയ്ക്ക് നൽകിയ അധിക വിവരങ്ങളോടുകൂടിയും സമിതി അംഗീകരിച്ചവ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | ശുപാർശകൾ/നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 11 | വ്യവസായം | ഇറക്കുമതി തീരുവയിൽ ഇനിയും കുറവു വരുത്തിയാൽ അത് ഇവിടെ ഉൽപാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ വിപണിയെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു. | ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി തീരുവ വീണ്ടും കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇതിനകം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

### സമിതിയുടെ അഭിപ്രായങ്ങളും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

11-ാം ഖണ്ഡകയിലെ ശുപാർശയിന്മേൽ സ്വീകരിച്ച നടപടിയിൽ പറഞ്ഞിരിക്കുന്നത് ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി തീരുവ വീണ്ടും കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്നാണെന്നും അതിനുശേഷമുള്ള അവസ്ഥയെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ടൈറ്റാനിയം ഡയോക്സൈഡിന്റെ കസ്റ്റംസ് താരിഫ് പീക്ക് ഡ്യൂട്ടി ഇനത്തിൽ വരുന്നതാണെന്നും പ്രത്യേക ഇനമായിട്ടല്ല വരുന്നതെന്നും കേന്ദ്രഗവൺമെന്റ് വർഷാവർഷങ്ങളായി പീക്ക് ഡ്യൂട്ടി കുറച്ചുകൊണ്ടിരിക്കുകയാണെന്നും കഴിഞ്ഞ വർഷം 15 ശതമാനമായിരുന്നത് ഈ വർഷം പന്ത്രണ്ടര ശതമാനമായിട്ട് വീണ്ടും കുറച്ചിരിക്കുകയാണെന്നും കമ്പനി അധികൃതർ സമിതി മുമ്പാകെ വിശദീകരിച്ചു. ഇത്തരത്തിൽ പീക്ക് ഡ്യൂട്ടിയിൽ വരുത്തുന്ന കുറവ് കമ്പനിയെ ദോഷകരമായി ബാധിക്കുമെന്നും സമിതിയെ അറിയിച്ചു.

| | | | | |
|---|---|---|---|---|
| 2 | 12 | വ്യവസായം | ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനാവാതെ കമ്പനിയിൽ കെട്ടിക്കിടക്കുന്ന അവസ്ഥ ഭാവിയിൽ ഉണ്ടാകുവാൻ ഇടയാകരുതെന്നും 415 കോടി രൂപയോളം ചെലവു പ്രതീക്ഷിക്കുന്ന | കമ്പനിയുടെ ആധുനികവത്കരണപദ്ധതി ഒരു പര്യാപ്തനായ കൺസൾട്ടന്റിനെ നിയമിച്ചശേഷം അവരുടെ നിർദ്ദേശംകൂടി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ആധുനികവൽക്കരണ പദ്ധതിയുടെ പ്രായോഗികത കൂടി വിശദമായ പഠന വിധേയമാക്കണമെന്നും അതിനുശേഷമേ ഇതിനുള്ള പണം മുതൽ മുടക്കാവൂ എന്നും സമിതി നിർദ്ദേശിച്ചു. വലിയ മുതൽ മുടക്കു നടത്തി ഒടുവിൽ കമ്പനി പൂട്ടേണ്ട സ്ഥിതി ഉണ്ടാകരുതെന്നും സമിതി നിർദ്ദേശിച്ചു. | കണക്കിലെടുത്താണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. രണ്ടു മൂന്നു വർഷത്തിനകം പടിപടിയായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഈ വികസന പദ്ധതിയിൽ ഉൽപ്പന്നത്തിന്റെ വിപണന സാദ്ധ്യതകൂടി പരിഗണിക്കുന്നതാണ്. |

സമിതിയുടെ അഭിപ്രായവും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

ഇവിടെ പണം എത്ര മുടക്കിയിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും കമ്പനി ശരിയായ രീതിയിൽ പ്രവർത്തിക്കുന്നു എന്നും നീക്കിയിരുപ്പ് വളരെ കുറഞ്ഞ് ഉൽപ്പാദനം വളരെ വർദ്ധിച്ചുവെന്നും, അധികൃതർ സമിതി മുമ്പാകെ വ്യക്തമാക്കിയപ്പോൾ ആധുനികവൽക്കരണത്തിനുവേണ്ടി പണം മുടക്കുമ്പോൾ ആയതിന്റെ പ്രായോഗികത സംബന്ധിച്ച് വിശദമായ പഠനം നടത്തിയശേഷമേ മുതൽമുടക്കു നടത്താവൂ എന്ന സമിതിയുടെ ശുപാർശയിന്മേൽ സ്വീകരിച്ച നടപടിയിൽ മുതൽ മുടക്കിയതായും ഉൽപ്പാദനം വർദ്ധിച്ചതായും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ നടത്തിയ പ്രായോഗിക പഠനം സംബന്ധിച്ച് ഒന്നും സൂചിപ്പിച്ചിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാട്ടി.

| | | | | |
|---|---|---|---|---|
| 3 | 13 | വ്യവസായം | ഇൻകംടാക്സ് കുറച്ച് സർവ്വീസ് ചാർജ്ജായോ ടാക്സായോ മറ്റേതെങ്കിലും രീതിയിലോ ഒരു ചാർജ്ജ് ഏർപ്പെടുത്തുന്ന കാര്യം ധനകാര്യവകുപ്പ് വിശദമായി പരിശോധിച്ച് കമ്പനിയുടെ ലാഭത്തിൽ ഒരു വിഹിതം സംസ്ഥാന സർക്കാരിന് നൽകണമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിനു വേണ്ട നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | പുതുതായി നടത്താൻ ഉദ്ദേശിക്കുന്ന വികസന പദ്ധതി ഉയർന്ന തേയ്മാനച്ചെലവും പലിശഭാരവും കണക്കിലെടുക്കുമ്പോൾ നികുതി ബാദ്ധ്യത താനെ കുറയുന്നതാണ്. |

സമിതിയുടെ അഭിപ്രായവും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

ഇൻകം ടാക്സിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ ഇൻകം ടാക്സ് കൊടുക്കുന്നത് കുറയ്ക്കാനായിട്ട് കുറച്ച് തുക ഗവൺമെന്റിലേക്ക് സർവ്വീസ് ടാക്സ് ആയിട്ടോ മറ്റോ

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|

അടയ്ക്കുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കണമെന്നാണ് അന്ന് കൂടിയ സമിതി ശുപാർശ ചെയ്തിരുന്നതെന്നും എന്നാൽ ഇൻവെസ്റ്റ്മെന്റ് കൂടുന്നതനുസരിച്ച് ഇൻകം ടാക്സ് കുറഞ്ഞുവരുന്നുണ്ടെന്നും ഇൻവെസ്റ്റ്മെന്റ് കൂടുന്നതനുസരിച്ച് ഡിപ്രീസിയേഷൻ കൂടുമ്പോൾ ഇൻകംടാക്സ് കുറയുമെന്നും 36 കോടി രൂപ വരെയായി കൊടുത്തിരുന്നിടത്ത് ഇപ്പോൾ 13.6 കോടി രൂപ വരെയായി കുറഞ്ഞിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വിശദീകരിച്ചു.

| | | | | |
|---|---|---|---|---|
| 4 | 14 | വ്യവസായം | ആധുനികവൽക്കരണവും നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗവും കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ കമ്പനി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന പാക്കിംഗ്, ഫിൽറ്ററേഷൻ, ഡ്രയർ എന്നീ യൂണിറ്റുകൾ നവീകരിക്കുന്നതിനുളള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഒരു നൂതന രീതിയിലുളള പാക്കിംഗ് മെഷീനും ഫിൽറ്ററേഷൻ/ഡ്രയർ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനുളള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2003-ൽ തന്നെ ഇതു പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

<u>സമിതിയുടെ അഭിപ്രായങ്ങളും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും</u>

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് പുതിയ പാക്കിംഗ് മെഷീനും ഫിൽറ്റർ ആന്റ് ഡ്രയറും സ്ഥാപിച്ചതെന്ന് സമിതിയുടെ അന്വേഷണത്തിന് കമ്പനി അധികൃതർ സമിതി മുമ്പാകെ വിശദീകരണം നൽകി.

| | | | | |
|---|---|---|---|---|
| 10 | 21 | വ്യവസായം | ഇവിടുത്തെ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുളള സംവിധാനം ഉണ്ടാകണമെന്നും കമ്പനിയെക്കൊണ്ട് സാധിക്കാത്തത് ഐ.ആർ.ഇ.ക്ക് ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | കെ.എം.എം.എൽ, ഐ.ആർ.ഇ.യേക്കാളും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നു. എന്നിരുന്നാലും ടൈറ്റാനിയം മെറ്റലിന്റെ ഉൽപ്പാദനം ഡി.എം.ആർ.എൽ/മെക്കോൺ എന്നിവരുടെ കൺസൾട്ടേഷനോടെ പരിഗണിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|

സമിതിയുടെ അഭിപ്രായങ്ങളും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്നു പറയുന്നത് സെൻട്രൽ ഗവൺമെന്റ് സ്ഥാപനമാണെന്നും ഇൽമനൈറ്റ് എന്ന അടിസ്ഥാന റോ മെറ്റീരിയൽ അത്തരത്തിൽ തന്നെ കയറ്റി അയയ്ക്കുകയാണ് ഐ.ആർ.ഇ. ചെയ്യുന്നതെന്നും ആകയാൽ സമിതിയുടെ ശുപാർശക്കനുസരിച്ച് ഐ.ആർ.ഇ.യെ ആശ്രയിക്കാൻ കഴിയില്ലെന്നും ആവശ്യമെങ്കിൽ മറ്റ് കൺസൾട്ടൻസിയെ ആശ്രയിക്കാമെന്നും ഹാജരായ ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വിശദീകരിച്ചു.

| | | | | |
|---|---|---|---|---|
| 11 | 22 | വ്യവസായം | ആധുനിക സാങ്കേതിക വിദ്യ പരാമവധി ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അതിലൂടെ അന്താരാഷ്ട്ര കമ്പോളത്തിൽ പിടിച്ചു നിൽക്കുവാനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | സാങ്കേതിക വിദ്യ പുറത്തു നിന്ന് ലഭ്യമല്ലാത്തതിനാൽ കമ്പനിയുടെ തനതായ ഗവേഷണ വികസനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ആയതിലേക്കായി കമ്പനിയുടെ ആർ ആൻഡ് ഡി വിഭാഗം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. |

സമിതിയുടെ അഭിപ്രായങ്ങളും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

ആർ ആന്റ് ഡിയ്ക്ക് ബഡ്ജറ്റിന്റെ എത്ര ശതമാനം നീക്കിവച്ചിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് വാർഷിക ബഡ്ജറ്റിന്റെ രണ്ടു ശതമാനം ആർ ആന്റ് ഡി യ്ക്കുവേണ്ടി നീക്കിവെക്കാറുണ്ടെന്ന് കമ്പനി അധികൃതർ സമിതി മുമ്പാകെ വിശദീകരിച്ചു. ഈ തുക കുറച്ചുകൂടി വർദ്ധിപ്പിക്കുന്നത് നന്നായിരിക്കുമെന്നും കമ്പനി അധികൃതർ സമിതി മുമ്പാകെ വെളിപ്പെടുത്തി.

| | | | | |
|---|---|---|---|---|
| 15 | 26 | വ്യവസായം | കമ്പനിയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മുമ്പ് ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച് ഒരു മാർക്കറ്റ് സർവ്വേ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | വിപണിയെ സംബന്ധിച്ച വിവരങ്ങൾ ചില പ്രത്യേക പ്രസിദ്ധീകരണങ്ങളിൽ നിന്ന് ലഭ്യമാണ്. കൂടാതെ, കസ്റ്റമർ മീറ്റുകളിൽ പങ്കെടുക്കുന്നത് വിപണി സംബന്ധിച്ച വിവരങ്ങൾ കിട്ടുന്നതിന് സഹായിക്കുന്നു. പാരീസിലെ കാനിൽ വച്ചു നടന്ന ടൈറ്റാനിയം ഡയോക്സൈഡ് ഗ്ലോബൽ മീറ്റിൽ എം.ഡി. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | പങ്കെടുക്കുകയും ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോള വിപണിയെക്കുറിച്ച് ധാരാളം വിലപ്പെട്ട വിവരങ്ങൾ ലഭ്യമാകുകയും ചെയ്തു. |

സമിതിയുടെ അഭിപ്രായങ്ങളും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

ടൈറ്റാനിയം ഡയോക്സൈഡിന്റെ 7 ഉൽപ്പാദകർ മാത്രമേ ലോകത്തുള്ളൂവെന്നും സാധാരണ ഈ ഏഴ് ഉൽപ്പാദകരും രണ്ടു വർഷത്തിലൊരിക്കൽ ഒരു ദ്വിവർഷ മീറ്റിംഗ് നടത്താറുണ്ടെന്നും ഇതിനുമുമ്പ് നമ്മൾ അതിൽ പങ്കെടുക്കാറില്ലായിരുന്നുവെന്നും കാരണം നമ്മളെ ഗ്ലോബൽ മാനുഫാക്ചേഴ്സായിട്ട് നേരത്തെ അവർ അംഗീകരിച്ചിട്ടില്ലായിരുന്നുവെന്നും ആദ്യമായിട്ട് പങ്കെടുത്തതുകൊണ്ടാണ് അത് പ്രത്യേകമായി പറഞ്ഞിരിക്കുന്നതെന്നും കമ്പനി അധികൃതർ സമിതി മുമ്പാകെ വിശദീകരിച്ചു.

| | | | | |
|---|---|---|---|---|
| 16 | 27 | വ്യവസായം | എൽ.എൻ.ജി. ഉപയോഗിച്ചാൽ എനർജി കോസ്റ്റ് 38% എന്നത് 25% വരെയായി കുറയ്ക്കുവാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വൈദ്യുതിക്ക് പകരം എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | എൻ.റ്റി.പി.സി.യും ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുമായിട്ടുള്ള ചർച്ച പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സമിതിയുടെ അഭിപ്രായങ്ങളും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

എൽ.എൻ.ജി. വരുന്നതിനെപ്പറ്റി വ്യക്തമായ ഒരു നിർദ്ദേശം വന്നിട്ടില്ലെന്നും എൽ.എൻ.ജി. സപ്ലൈയ്ക്കുവേണ്ടി സ്വന്തം നിലയ്ക്ക് എൻ.ടി.പി.സി. കായംകുളം യൂണിറ്റ് ഗ്ലോബൽ ടെന്റർ വിളിച്ചിട്ടുണ്ടായിരുന്നുവെന്നും അതേസമയം പെട്രോനൈറ്റ് എൽ.എൻ.ജി. എറണാകുളത്തു വരികയാണെങ്കിൽ അവിടെ നിന്ന് ലൈനിട്ട് എടുക്കുന്നതിനെപ്പറ്റി അവരുമായും സംസാരിച്ചുകൊണ്ടിരിക്കുന്നതേയുള്ളുവെന്നും ഒന്നുകിൽ എൽ.എൻ.ജി. സ്വന്തം നിലയ്ക്ക് എൻ.ടി.പി.സി. വാങ്ങിക്കുമെന്നും അല്ലെങ്കിൽ പെട്രോനൈറ്റ് എൽ.എൻ.ജി. എറണാകുളത്തു നിന്ന് ലൈനിട്ട് കൊണ്ടുവരുമെന്നും ഇതിലേതാണ് ചെയ്യുന്നത് എന്നതു സംബന്ധിച്ച് ഒരു അന്തിമ തീരുമനം വന്നിട്ടില്ലെന്നും എന്തായാലും പെട്രോനൈറ്റ് എൽ.എൻ.ജി.യുടെ വിതരണം ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യാ ലിമിറ്റഡ് (GAIL) ആയിരിക്കും ചെയ്യുകയെന്നും GAIL ഉം ആയിട്ട് ഇപ്പോൾ തന്നെ ഒരു കരാർ ഒപ്പുവെച്ചിട്ടുണ്ടെന്നും എൽ.എൻ.ജി. സപ്ലൈ എന്ന് കേരളത്തിൽ വന്നാലും സപ്ലൈ കിട്ടത്തക്ക രീതിയിൽ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ സമിതി മുമ്പാകെ അറിയിച്ചു.

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 17 | 28 | വ്യവസായം | കുടിയൊഴിപ്പിക്കപ്പെട്ട ഓരോ കുടുംബത്തിലേയും ഒരാൾക്കെങ്കിലും ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ജോലി നൽകണമെന്നും ഇക്കാര്യത്തിൽ ഇനിയും കാലവിളംബം ഉണ്ടാകരുതെന്നും സമിതി ശുപാർശ ചെയ്യുന്നു. | നേരത്തെ പ്രസ്താവിച്ചിതു പോലെ കമ്പനിയിലെ ജോലിക്ക് കുടുതൽ പരിഗണന കൊടുക്കുന്നു. |

സമിതിയുടെ അഭിപ്രായങ്ങളും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

കമ്പനിക്കുവേണ്ടി സ്ഥലമെടുത്തപ്പോൾ കുടിയൊഴിപ്പിക്കപ്പെട്ടവരുടെ ലിസ്റ്റുണ്ടെന്നും റിക്രൂട്ട്മെന്റ് വരുമ്പോൾ അവർക്ക് പ്രിഫറൻസ് കൊടുക്കുമെന്നും പ്രിഫറൻഷ്യൽ കാറ്റഗറിയെന്നു പറഞ്ഞ് ട്രീറ്റ് ചെയ്യേണ്ടതിൽ 4 കാറ്റഗറിയുണ്ടെന്നും അങ്ങനെ ചെയ്യണമെന്ന് ഗവൺമെന്റ് ഓർഡറുണ്ടെന്നും ഏത് റിക്രൂട്ട്മെന്റ് വരുമ്പോഴും ആ നാല് കാറ്റഗറികളിൽ നിന്ന് പ്രത്യേകമായി അപേക്ഷ സ്വീകരിച്ച് അതിൽ നിന്നാണ് ഇത്രയും പേരെ എടുത്തിട്ടുള്ളതെന്നും കമ്പനി അധികൃതർ സമിതി മുമ്പാകെ വിശദീകരിച്ചു.

| | | | | |
|---|---|---|---|---|
| 19 | 30 | വ്യവസായം | ഇൽമനൈറ്റ് ഉപയോഗിച്ചുള്ള പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ നടപടി സരക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. | ഇൽമനൈറ്റിന്റെ ഉപയോഗം കൂടുതലായും മൂല്യവർദ്ധിത ഉൽപ്പന്നമായ സിന്തറ്റിക്, റൂട്ടൈൽ, പിഗ്മെന്റ്, ടൈറ്റാനിയം ലോഹവുമാണ്. വെൽഡിംഗ് റോഡ് ഉൽപ്പാദനത്തിൽ കമ്പനി കൂടുതൽ ശ്രദ്ധചെലുത്തുന്നില്ല. |

സമിതിയുടെ അഭിപ്രായങ്ങളും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

ഒരു വ്യവസായ സംരംഭം എന്നുള്ള നിലയിൽ അന്ന് കമ്മിറ്റി ശുപാർശ ചെയ്തത് വെൽഡിംഗ് റോഡാണോയെന്നും അല്ലെങ്കിൽ ഇങ്ങനെയൊരു ഐറ്റം പറഞ്ഞുകൊണ്ട് അതിൽ ശ്രദ്ധചെലുത്തുന്നില്ല എന്നു പറയാൻ കാരണമെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് അന്ന് പഴയ മറുപടി ആണ് വായിച്ചതെന്നും ഞങ്ങൾ കൊടുത്തിരിക്കുന്ന മറുപടി കൂടുതൽ ഇൽമനൈറ്റ് ഉപയോഗിച്ചുകൊണ്ടുള്ള പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നു എന്നാണെന്ന് കമ്പനി അധികൃതർ സമിതി മുമ്പാകെ വിശദീകരിച്ചു.

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 21 | 32 | വ്യവസായം | ടൂറിസ്റ്റുകളെ കൂടി ആകർഷിക്കത്തക്ക രീതിയിലുള്ള ക്രമീകരണങ്ങൾ കമ്പനി വളപ്പിനുളളിൽ ഏർപ്പെടുത്തണമെന്നും ഹൗസ് കീപ്പിംഗ് സംവിധാനം മെച്ചപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. | കമ്പനിയുടെയും, പരിസരത്തിന്റെയും നിലമൊരുക്കൽ/മോടിപിടിപ്പിക്കൽ എന്നിവയും ഈ കൺസൾട്ടന്റിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. |

സമിതിയുടെ അഭിപ്രായങ്ങളും ഗവൺമെന്റ് നൽകിയ അധികവിവരങ്ങളും

പൂന്തോട്ടം നിർമ്മിക്കലും, വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതും യഥാർത്ഥത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ വേണ്ടിയാണോ അതോ പൊല്യൂഷൻ സംബന്ധമായ പരിഹാരത്തിനാണോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ടൂറിസ്റ്റുകളെ ആകർഷിക്കാൻവേണ്ടി അല്ലെന്നും നേരത്തെ അതു സംബന്ധിച്ച് മറുപടി നൽകിയിരുന്നു എന്നും Chemically Hazzardous Company എന്നുള്ള നിലയിൽ സന്ദർശകരെ അനുവദിക്കുന്നതുപോലും തടസ്സമുള്ള സ്ഥലമാണെന്നും അപ്പോൾപ്പിന്നെ ടൂറിസ്റ്റുകളെ ആകർഷിക്കാൻവേണ്ടി എന്നു പറയാൻ സാധിക്കില്ലെന്നും അധികൃതർ സമിതി മുമ്പാകെ അറിയിച്ചു.

മാങ്കോട് രാധാകൃഷ്ണൻ,

ചെയർമാൻ,

പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതി.

തിരുവനന്തപുരം,
21-3-2007.